മലയാളം

കേരളപാഠാവലി

നിർദ്ദേശങ്ങൾ

- താഴെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം
- രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ നാല് പ്രവർത്തനങ്ങൾക്ക് മാത്രം ഉത്തരം എഴുതിയാൽ മതി

**പ്രവർത്തനം 1 വായിക്കാം എഴുതാം**

കവിത വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

ചേലേറും ചേമന്തിപ്പൂ
ചാലെ വിരിഞ്ഞൊരു തോട്ടത്തിൽ
ചേലേറുന്നൊരുടുപ്പിട്ട്
ചിത്രപതംഗം വന്നെത്തീ

ഓരോ പൂവിനും ഉമ്മ കൊടുത്തു
പൂവിൻ കാതിൽ കൊഞ്ചിപ്പാടി
പുള്ളി ഉടുപ്പിൻ ചന്തത്തിൽ
നൃത്തംചെയ്തു പൂമ്പാറ്റ

പാട്ടും നൃത്തവുമായിട്ടങ്ങനെ
ശലഭം തീർക്കും പൊടിപൂരം
എല്ലാം കണ്ടുഹ ചാഞ്ചാടിഹ
പൂവിൻ ചിരിയോ ബഹുകേമം

1. ചേലേറും ഒരു ഉടുപ്പിട്ടു വന്നതാരാണ്
   (പൂവ്, ചിത്രപദംഗം, കുട്ടി)

2. എന്തൊക്കെയാണ് പൂമ്പാറ്റ ചെയ്തത്
   (അത് കുറുമ്പുകാട്ടി,  ഉമ്മ കൊടുക്കുകയും കൊഞ്ചി പാടുകയും നൃത്തം ചെയ്യുകയും ചെയ്തു, മറ്റുള്ളവരെ നോക്കി ചിരിച്ചു)
3. ഇവിടെ പൊടിപൂരം എന്നതുകൊണ്ട് കൊണ്ട് അർത്ഥമാക്കുന്നത്
   (ആഹ്ളാദം, പൂമ്പൊടി വിതറൽ, ശബ്ദകോലാഹലം)
4. കവിതയ്ക്ക് ഉചിതമായ തലക്കെട്ട് താഴെ കൊടുത്തിട്ടുള്ളതിൽ ഏതാകാം
   (പൂവും പൂമ്പാറ്റയും, ചിരി, നൃത്തം)

**പ്രവർത്തനം 2 അനുഭവക്കുറിപ്പ്**

'ഈ ലോകത്തെ സൃഷ്ടിച്ചിരിക്കുന്നത് അന്യോന്യം ഉതകി ജീവിക്കാനാണ് ഞങ്ങൾക്ക് വേണ്ടി നിങ്ങൾ പട്ടിണി കിടക്കേണ്ട എന്നായാലും മരിക്കണം നിങ്ങൾക്ക് അത് നിങ്ങൾക്ക് ഉപകരിച്ചത് ആയാൽ അത്രയും സന്തോഷം' പരസ്പര സ്നേഹത്തിൻറെ മഹത്തായ പാഠങ്ങൾ പങ്കുവയ്ക്കുന്ന മയിൽപീലി സ്പർശം എന്ന പാഠഭാഗത്തിലെ മൃഗങ്ങളെ പോലെ മറ്റുള്ളവർക്ക് ഉപകാരം ചെയ്ത അനുഭവങ്ങൾ നിങ്ങൾക്കും ഉണ്ടാകും ഏതെങ്കിലും ഒരു സന്ദർഭം അടിസ്ഥാനമാക്കി ഒരു കുറിപ്പ് തയ്യാറാക്കു

**പ്രവർത്തനം 3 ലഘു കുറിപ്പ്**

എ ) ഭൂമിയൊന്നു വലം വെച്ചൊരു നാൾ
പൂന്തിങ്കൾക്കല പാടി
പറഞ്ഞയക്കുക ദേവി മനുഷ്യനെ
യൊരിക്കലവിടെക്കുടി

ഭൂമിയിൽ നിന്നും കാണുന്ന ചന്ദ്രൻ സുന്ദരനാണ്. വാക്കുകളിലും കഥകളിലും പലരും ഈ സൗന്ദര്യത്തെ കുറിച്ച് വർണിച്ചിട്ടുണ്ട്. നിലാവുള്ള രാത്രിയിൽ നിങ്ങൾ കണ്ട ചന്ദ്രനെ കുറിച്ച് ഒരു ലഘു കുറിപ്പ് തയ്യാറാക്കുക

ബി ) ചന്ദ്രൻ എന്നർത്ഥം വരാത്ത പദം ( ശശി, താരം, പനിമതി )

**പ്രവർത്തനം 4 താരതമ്യകുറിപ്പ്**

'ഞാൻ മാഷൊന്നുമല്ല ഒരു വെറും കൃഷിക്കാരൻ പിന്നെ നിങ്ങളുടെ ഹെഡ്മാസ്റ്റർ

വെളിച്ചത് കൊണ്ട് വന്ന അത്രയേ ഉള്ളൂ'

'അല്ല ഇദ്ദേഹമാണ് നിങ്ങളുടെ കൃഷി അധ്യാപകൻ' തൊട്ടടുത്ത് ഉണ്ടായിരുന്ന മാസ്റ്റർ പറഞ്ഞു

ടോട്ടോച്ചാന്റെ സ്കൂളും അവിടുത്തെ പഠനരീതികളും 'കൃഷി മാഷ്' എന്ന പാഠഭാഗത്തിലെ കൂടെ നിങ്ങൾ പരിചയപ്പെട്ടല്ലോ ടോട്ടോചാന്റെ സ്കൂളിലെ പഠനരീതിയും നിങ്ങളുടെ സ്കൂളിലെ പഠന രീതിയും താരതമ്യപ്പെടുത്തി ഒരു കുറിപ്പ് തയ്യാറാക്കുക

**പ്രവർത്തനം 5 സന്ദേശ രചന**

ആഭരണം എന്ന പാഠഭാഗത്തിലെ ആശയങ്ങൾ മുൻനിർത്തി വർദ്ധിച്ചുവരുന്ന ആഡംബരഭ്രമത്തെയും പൊങ്ങച്ചത്തെയും കുറച്ച് സമൂഹത്തെ ബോധവൽക്കരിക്കാൻ ഉതകുന്ന രണ്ട് സന്ദേശവാക്യങ്ങൾ തയ്യാറാക്കുക

**പ്രവർത്തനം 6 ആസ്വാദനക്കുറിപ്പ്**

കൊട്ടിപ്പാടുന്നു മഴ!
നടവരമ്പത്തൊരു കുട്ടിയുണ്ടതിൻ കയ്യിൽ
പുസ്തകം, പൊതിച്ചോറും
കുടയായൊരു ളുശ-
നിലയും - അതു കൊത്തി–
ക്കുടയുന്നുവോ മഴ-
ക്കാറ്റിൻറെ കാക്കക്കൂട്ടം ?
കുപ്പായം കുതിർന്നൊട്ടി.
ച്ചേർന്ന തന്നുടൽ കാൺകേ
കുട്ടിക്ക് നാണം .മഴ
നഗ്നനാക്കിയോ തന്നെ ?
വഴിയിൽ പുതു വെള്ളപ്പാച്ചിലിൽ പൊടിമീനും
മഴ തൻ സംഗീതത്തിൽ
കുട്ടിയും നീന്തി പോയി